


തിരു കൊച്ചി നാളികേര ഉൽപാദന കമ്പനിയുടെ നീര ശർക്കര കേക്ക് മന്ത്രി കെ. ബാബുവിനു നൽകി മേയർ ടോണി ചമ്മണി പുറത്തിറക്കുന്നു. ടി.കെ. ജോസ്, ബാബു ജോസഫ്, ബിജു ജോൺ തുടങ്ങിയവർ സമീപം.

# നീര ചെത്താനുള്ള ലൈസൻസ് നൽകും: മന്ത്രി കെ. ബാബു

**കൊച്ചി** ● റജിസ്റ്റർ ചെയ്ത 173 ഫെഡറേഷനുകൾക്കും നീര ചെത്താനുള്ള ലൈസൻസ് ഉടൻ നൽകുമെന്നു മന്ത്രി കെ. ബാബു. തിരുകൊച്ചി കമ്പനിയുടെ പ്രീമിയം ബ്രാൻഡ് നീര പാനിയത്തിന്റെ ലോഞ്ചിങ് നിർവഹിക്കുകയായിരുന്നു അദ്ദേഹം. നീരയുൽപാദനത്തിൽ ഏർപ്പെട്ട കേരകർഷകരുടെ കൂട്ടായ്മകൾക്ക് എക്സൈസ് വകുപ്പിന്റെ സഹകരണമുണ്ടാകുമെന്നു മന്ത്രി പറഞ്ഞു. നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിങ് മേയർ ടോണി ചമ്മണി നിർവഹിച്ചു. തിരുക്കൊച്ചി കമ്പനി ചെയർമാൻ ജോസഫ് ബാബു അധ്യക്ഷത വഹിച്ചു. നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസ്, ഏലിയാസ് കെ. തര്യൻ, ബിജു ജോൺ എന്നിവർ പ്രസംഗിച്ചു. നീരകേക്ക് നാളികേര വികസനബോർഡ് ആസ്ഥാനത്തെ നാഫെഡ് സ്റ്റാളിൽ രണ്ടുദിവസത്തിനകം വിൽപനയ്ക്കെത്തും. 400 ഗ്രാം കേക്കിന് 160 രൂപയാണു വില.